എന്നിവിടങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവിടങ്ങളിലെ ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനും ഭാഷാമാറ്റം പൂർണ്ണമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പുതിയ ഒരു വകുപ്പിലും ഔദ്യോഗിക ഭാഷ മലയാളമാക്കുന്ന നടപടികൾ പരിഗണനയിലില്ല. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇംഗ്ലീഷ് തുടരണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലും തമിഴ്, കന്നഡ എന്നീ ന്യൂനപക്ഷ ഭാഷകൾക്ക് പരിരക്ഷ ഉറപ്പാക്കുന്ന സംഗതികളിലും ഒഴികെ ഭരണത്തിന്റെ എല്ലാ തലങ്ങളിലും ഔദ്യോഗികാവശ്യങ്ങൾക്ക് പൂർണ്ണമായും മലയാളം ഉപയോഗിക്കണമെന്ന് കർശനമായി നിർദ്ദേശം നൽകിയിട്ടുണ്ട്.

3 വൈകി കിട്ടിയ ഉത്തരങ്ങൾ

നിർത്തലാക്കിയ റവന്യൂ ഓഫീസുകൾ

88 (2772) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം റവന്യൂ ഓഫീസുകളാണ് നിർത്തൽ ചെയ്തതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ ഏതെല്ലാം തസ്തികകളിൽ ഏതെല്ലാം ജീവനക്കാർ ഉണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതുമൂലം റവന്യൂ വകുപ്പിൽ എത്ര തസ്തികകൾ ഇല്ലാതായിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന റവന്യൂ ഓഫീസുകൾ നിർത്തൽ ചെയ്യുകയുണ്ടായി :

1. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), കെ.ഐ.പി. നമ്പർ 2 അടൂർ.
2. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), കെ.ഐ.പി. നമ്പർ 11, കൊട്ടിയം.
3. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), കെ.ഐ.പി. നമ്പർ 1, അങ്കമാലി.
4. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), നമ്പർ 2, അങ്കമാലി.
5. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), മട്ടന്നൂർ, കണ്ണൂർ.

LIBRARY ARCHIVES Kerala Legislative Assembly

6. സ്പെഷ്യൽ തഹസീൽദാർ, കണ്ണൂർ എയർപോർട്ട്.

7. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), കണ്ണൂർ എയർപോർട്ട്.

8. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), ഇലഞ്ഞി, എറണാകുളം.

9. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), കല്ലൂർക്കാട്.

10. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), അഞ്ചൽപ്പെട്ടി, പിറവം.

11. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), കെ. എസ്. എച്ച്. സി., തിരുവനന്തപുരം.

12. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), എറണാകുളം.

13. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), കെ.എസ്.എച്ച്.സി. കോഴിക്കോട്.

14. സ്പെഷ്യൽ തഹസീൽദാർ (കെ.ഐ.പി.), സർവ്വേ യൂണിറ്റ്, കൊല്ലം.

15. സ്പെഷ്യൽ തഹസീൽദാർ, കെ.എൽ.ഡി.പി., തൃശ്ശൂർ

16. അഡീഷണൽ സ്റ്റാഫ് ഫോർ സി.ഡി.എ., എൽ.എ. (ജനറൽ) കൊയിലാണ്ടിയോട് അറ്റാച്ച് ചെയ്തിട്ടുള്ളത്.

17. സ്പെഷ്യൽ തഹസീൽദാർ, ഐ.റ്റി.സി.എൽ.എ. (ജനറൽ) കോഴിക്കോടിനോട് അറ്റാച്ച് ചെയ്തിട്ടുള്ളത്.

18. സ്പെഷ്യൽ തഹസീൽദാർ, (എൽ.എ.) നമ്പർ-1, കൽപ്പറ്റ, കാരാപ്പുഴ, ബാണാസുര സാഗർ ജലസേചന പദ്ധതിക്കുവേണ്ടി.

19. സ്പെഷ്യൽ തഹസീൽദാർ, (എൽ.എ.) കണ്ണൂർ, നേവൽ അക്കാഡമി.

20. സ്പെഷ്യൽ തഹസീൽദാർ, (എൽ.എ.) നമ്പർ-12, കൽപ്പറ്റ.

21. സ്പെഷ്യൽ തഹസീൽദാർ, (എൽ.എ.) നമ്പർ-2, അരിയോട്.

22. ഐ.സി.വി. കമ്പനി, വൈറ്റില.

23. സ്പെഷ്യൽ തഹസീൽദാർ ഒ.ഇ.സി.എഫ്. കോഴിക്കോട്.

24. സ്പെഷ്യൽ തഹസീൽദാർ, (എൽ.എ.) ഒ. ഇ. സി. എഫ്. കണ്ണൂർ.

25. അപ്പലേറ്റ് അതോറിറ്റി, തിരുവനന്തപുരം.

26. ലാന്റ് ട്രിബ്യൂണൽ, കൊല്ലം.

27. ലാന്റ് ട്രിബ്യൂണൽ, പത്തനംതിട്ട.

28. ലാന്റ് ട്രിബ്യൂണൽ, തൊടുപുഴ.

LIBRARY ARCHIVES Kerala Legislative Assembly

29. ലാന്റ് ട്രിബ്യൂണൽ, കുഴൽമന്ദം.

30. ലാന്റ് ട്രിബ്യൂണൽ, മലപ്പുറം.

31. ലാന്റ് ട്രിബ്യൂണൽ, വടകര.

32. ലാന്റ് ട്രിബ്യൂണൽ, പേരാമ്പ്ര.

33. ലാന്റ് ട്രിബ്യൂണൽ, കാഞ്ഞാംകാട്.

34. സ്പെഷ്യൽ തഹസീൽദാർ, കാനം ടെനൻസി (അബോളിഷൻ) തൃശ്ശൂർ.

35. സ്പെഷ്യൽ തഹസീൽദാർ, കാനം ടെനൻസി (അബോളിഷൻ), എറണാകുളം.

(ബി&സി) എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

അപകടാവസ്ഥയിലുള്ള സ്കൂൾ കെട്ടിടങ്ങൾ പുതുക്കി പണിയാൻ നടപടി

89 (2808) ശ്രീ. കെ. ബാബു :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ .മോഹൻകുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വത്തെപ്പറ്റി എത്രകാലം കൂടുമ്പോഴാണ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടത് ;

(ബി) ഈ വ്യവസ്ഥ ഗവൺമെന്റ് സ്കൂളുകൾക്കും ബാധകമാണോ ;

(സി) അപകടാവസ്ഥയിലുള്ള എത്ര സ്കൂൾ കെട്ടിടങ്ങൾ സംസ്ഥാനത്തുണ്ട് ; ഇവ പുതുക്കിപ്പണിയുവാൻ പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അതാത് വർഷം തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്.

(ബി) അതെ.

(സി) അപകടാവസ്ഥയിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ കണക്ക് പ്രത്യേകമായി ശേഖരിച്ചിട്ടില്ല. ഗവൺമെന്റ് സ്കൂളുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly